(ഇ)&(എഫ്) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ആക്ടിലെ സെക്ഷൻ 4 ഉപവകുപ്പ് (1), (2) എന്നിവ പ്രകാരമാണ് മുട്ടം അമ്യൂസ്മെന്റ് പാർക്ക് ഉൾപ്പെടുത്തിയിരിക്കുന്നത്.

108 (2486) ഭവന നിർമ്മാണ ബോർഡിന്റെ കടം

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റെടുക്കുംപോൾ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കടം എത്രയായിരുന്നു;

(ബി) ഇപ്പോൾ ഭവന നിർമ്മാണ ബോർഡിന്റെ കടം എത്രയാണ്;

(സി) ഈ ബോർഡിന്റെ കടം ഇത്രയധികം വർദ്ധിക്കുന്നതിനുള്ള കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരം ഏറ്റെടുക്കുംപോൾ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ കടം താഴെക്കൊടുത്തിരിക്കുന്നു.

സംസ്ഥാന സർക്കാരിന്	-	2463.92	ലക്ഷം
ഹഡ്കോയ്ക്ക്	-	31118.02	ലക്ഷം
എച്ച്.ഡി.എഫ്.സി	-	1258.51	ലക്ഷം
ബാങ്കുകൾക്ക്	-	904.27	ലക്ഷം
ഡിബഞ്ചർ	-	2816.00	ലക്ഷം
ആകെ		38560.72	ലക്ഷം രൂപ

(ബി) 30.6.1999 ലെ കണക്കുപ്രകാരം ഭവന നിർമ്മാണ ബോർഡിന്റെ കടം താഴെ കൊടുക്കുന്നു.

സംസ്ഥാന സർക്കാരിന്	-	2913.92	ലക്ഷം
ഹഡ്കോ	-	75822.70	ലക്ഷം
എച്ച്.ഡി.എഫ്.സി	-	1314.04	ലക്ഷം
ബാങ്കുകൾക്ക്	-	1276.43	ലക്ഷം
ഡിബഞ്ചർ	-	2071.00	ലക്ഷം
ആകെ	-	83398.09	ലക്ഷം

(സി) കൂടുതൽ വായ്പകളെടുത്തതിന്റെ ഫലമായി ബോർഡിന്റെ പ്രവർത്തനം വളരെ കൂടുതൽ വ്യാപിപ്പിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും ദുർബല വിഭാഗക്കാരുടെ ഭവനനിർമ്മാണത്തിനായി ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം മുൻപു നടന്നതിന്റെ അനേകമിരട്ടി പ്രവർത്തനം നടത്തി വരികയാണ്.

109 (2487) മൈത്രി ഭവന പദ്ധതി

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. എം. മുരളി :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ജെ ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രി ഭവന പദ്ധതി പ്രകാരം ബെനിഫിഷ്യറി എത്ര രൂപ അടയ്ക്കണം;

(ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തു തുക മൈത്രി ഭവന പദ്ധതി പ്രകാരം ബെനിഫിഷ്യറിക്ക് നൽകും;

(സി) ബെനിഫിഷ്യറിക്ക് ഭവന നിർമ്മാണ ബോർഡ് നൽകുന്ന തുക തിരിച്ചടയ്ക്കേണ്ടതുണ്ടോ:

(ഡി) ഇല്ലെങ്കിൽ ഇത് എപ്രകാരം മുതലാക്കാമെന്നാണ് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നത്;

(ഇ) ബെനിഫിഷ്യറി അടയ്ക്കുന്ന തുക ഫിക്സഡ് ഡെപ്പോസിറ്റ് ഇട്ട് ബോർഡ് നൽകുന്ന തുക ഈടാക്കണമെന്ന് ഈ പദ്ധതിയിൽ വിഭാവന ചെയ്യുന്നുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ബെനിഫിഷ്യറിമാർ അടച്ച തുക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 254 രൂപ പ്രതിമാസം അടയ്ക്കണം. എല്ലാ മാസവും 10-ാം തീയതിക്ക് മുൻപ് അടയ്ക്കുകയാണെങ്കിൽ 8.5% പലിശ സബ്സിഡി കഴിച്ച് 158 രൂപ അടച്ചാൽ മതി.

(ബി) ബോർഡ് മൈത്രി പദ്ധതി പ്രകാരം 28000 രൂപ നിർമ്മാണ പുരോഗതി അനുസരിച്ച് മൂന്നു ഗഡുക്കളായി നൽകുന്നതാണ് ഇതിൽ 19000 രൂപ വായ്പയും 9000/- രൂപ സർക്കാർ സബ്സിഡിയുമാണ്.

(സി) വായ്പ തുകയായ 19000/- രൂപ തുല്യമാസ ഗഡുക്കളായി 168 മാസം കൊണ്ട് തിരിച്ചടക്കേണ്ടതാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ)&(എഫ്) മൈത്രി നിക്ഷേപ പദ്ധതി പ്രകാരം ഗുണഭോക്താവ് ഒന്നിന് 12500/- രൂപ നിരക്കിൽ ബോർഡിൽ സ്പോൺസർ മുഖേനയോ, ഗുണഭോക്താവ് നേരിട്ടോ നിക്ഷേപിക്കുകയാണെങ്കിൽ പ്രസ്തുത ഗുണഭോക്താവിനെ പ്രതിമാസ തവണ തുകയുടെ തിരിച്ചടവിൽ നിന്നും ഒഴിവാക്കുന്നതുമാണ്. ഇങ്ങനെ നിക്ഷേപിക്കുന്നതുകയ്ക്ക് ബോർഡ് വർദ്ധിച്ച നിരക്കിലുള്ള പലിശ നൽകുന്നുണ്ട്. ഇങ്ങനെ സമാഹരിക്കപ്പെടുന്നതുക വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുന്നു. ബാങ്കുകളിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിച്ചിട്ടില്ല.

110 (2488) രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സ്

ശ്രീ. ബി വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരമന രാജീവ് നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സുകളിൽ "എ" ടൈപ്പിനും "ബി" ടൈപ്പിനും അലോട്ട്മെന്റ് നടത്തുന്നതിന്റെ മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;